**E 2033** (Pages : 3) Reg. No....................................

Name....................................

## B.A./B.Sc. (MODEL I) DEGREE (C.B.C.S.S.) EXAMINATION, MAY 2015

### Second Semester

Additional Language—Malayalam

### കവിത

(2013 Admission onwards)

Time : Three Hours Maximum : 80 Marks

#### എ വിഭാഗം

ഒന്നു മുതൽ പത്തുവരെ ചോദ്യങ്ങൾക്ക് ഒറ്റ വാക്കിലോ ഒറ്റ വാക്യത്തിലോ ഉത്തരമെഴുതുക.

1. 'സ്പന്ദിക്കുന്ന അസ്ഥിമാടം' എന്ന കവിതാസമാഹാരം ആരുടേതാണ് ?
2. 'കവിയുടെ കാല്പാടുകൾ' എന്ന ആത്മകഥ എഴുതിയത് ?
3. 'ചിന്താഗ്നി' എന്ന പാഠഭാഗം ഏത് ഖണ്ഡകാവ്യത്തിൽ ഉൾപ്പെടുന്നു ?
4. ഇടശ്ശേരിയുടെ പൂർണ്ണ നാമധേയം ?
5. ഒക്ടോവിയോ പാസിൻെറ 'സൂര്യശില' മലയാളത്തിലേക്ക് വിവർത്തനം ചെയ്ത കവി ?
6. 'പൊടിച്ചി' എന്ന കാവ്യനോവൽ എഴുതിയതാര് ?
7. 'ഇഷ്ടമുടിക്കായൽ' എന്ന കവിത ആരുടേതാണ് ?
8. 'എന്തു ശുത്തി, ഏതു ശുത്തി' എന്ന നാടൻപാട്ട് ഉൾപ്പെടുന്ന സമാഹാരമേത് ?
9. വൈലോപ്പിള്ളിയ്ക്ക് കേരള സാഹിത്യഅക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതി ?
10. കാളിദാസൻെറ 'ഋതുസംഹാരം' എന്ന കാവ്യം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ കവി ?

(10 × 1 = 10)

#### ബി വിഭാഗം

ഒരു ഖണ്ഡികയിൽ (അമ്പതു വാക്ക് ) കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. "ഭംഗം മാറീ കാലം പോയീ ;
    ഭംഗം വന്നു ഭാഗ്യത്തിൽ"
    —എങ്ങനെ ?
12. " 'കല്പനയുണ്ടു, കളിക്കേണ്ട'ന്നൊരു
    ശബ്ദം പൊങ്ങി വരമ്പിൻമേൽ"
    —ആരുടെ ശബ്ദം ? സന്ദർഭമെന്ത് ?
13. കൗസല്യ മറന്നുപോയ ധർമ്മഭാരമെന്ത് ?

Turn over

14. ഗാന്ധിയുടെ മുന്നിൽ ഗോഡ്സേ കൈപ്പാട്ട നീട്ടിയതെന്തിന് ?

15. "സ്നേഹിക്കുന്നവൾ കണ്ണാടിയിൽ
സ്വന്തം മുഖം കാണുകയില്ല"
—എന്നു കവയിത്രി പറയാൻ കാരണമെന്ത് ?

16. എത്രയോ ഹൃദ്യം നമു-
ക്കീമണ, മതിലൂടെ-
യെത്തിടും സവിഷാദ-
മധരസ്മൃതികളും
—സന്ദർഭം വ്യക്തമാക്കുക.

17. യശോധരയെ കവയിത്രി അവതരിപ്പിക്കുന്നതെങ്ങനെ ?

18. കോമൻ പൊന്നാര്യൻപാടം വിതയ്ക്കുന്നത് കവി വർണിക്കുന്നതെങ്ങനെ ?

19. 'താമരത്തോണിയിൽ' എന്ന കവിതയിൽ കവി അവതരിപ്പിക്കുന്ന ശുഭ പ്രതീക്ഷ എന്ത് ?

20. 'പുരൂരവസ്സ് ' എന്ന കവിതയുടെ രൂപപരമായ സവിശേഷതയെന്ത് ?

21. എസ്. ജോസഫിന്റെ കവിതയുടെ പ്രത്യേകതകൾ എന്തെല്ലാം ?

22. ആധുനിക കവിതയുടെ പൊതുസ്വഭാവമെന്ത് ?

(8 × 2 = 16)

സി വിഭാഗം

ഒരു പേജിൽ (നൂറു വാക്ക് ) കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

23. ജീവിതത്തിന്റെ ക്ഷണികതയും തീവ്രതയും 'പുരൂരവസ്സ് ' എന്ന കവിതയിൽ ആവിഷ്കരിക്കപ്പെടുന്നതെങ്ങനെ ?

24. 'യുഗള പ്രസാദൻ' എന്ന കവിതയിലൂടെ വിഷ്ണുനാരായണൻ നമ്പൂതിരി നൽകുന്ന സന്ദേശമെന്ത് ?

25. "അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ"
—സന്ദർഭം വിശദമാക്കുക.

26. "ആ വിശുദ്ധമാം മുഗ്ദ്ധ-
പുഷ്പത്തെക്കണ്ടില്ലെങ്കിൽ !
ആ വിധം പരസ്പരം
സ്നേഹിക്കാതിരുന്നെങ്കിൽ"
—സന്ദർഭം വ്യക്തമാക്കുക.

27. 'താമരത്തോണിയിൽ' കവി കണ്ടെത്തുന്ന ജീവിത ദർശനമെന്ത് ?

28. 'കുറത്തി'യുടെ വരവ് കവി ചിത്രീകരിക്കുന്നതെങ്ങനെ ?

29. ഇന്ത്യൻ സമകാല ജീവിതത്തെ ഗാന്ധി, ഗോഡ്സേ എന്നീ ബിംബങ്ങളിലൂടെ കവി ആവഷ്ക്കരിക്കുന്നതെങ്ങനെ ?

30. 'കണ്ണ്' എന്ന കവിതയിലെ തനതു ബിംബകല്പനകൾ ചർച്ച ചെയ്യുക.

31. 'ചിന്താഗ്നി' എന്ന കവിതാ ഭാഗത്തിൽ സ്ത്രീവാദ ചിന്തകളുടെ സൂചനകളുണ്ടോ ? പരിശോധിക്കുക.

(6 × 4 = 24)

### ഡി വിഭാഗം

നാലു പേജിൽ (നാനൂറു വാക്ക്) കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

32. ചങ്ങമ്പുഴ, ജി. ശങ്കരക്കുറുപ്പ് എന്നിവരുടെ പ്രണയസങ്കല്പം പാഠഭാഗങ്ങളുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

33. ഉത്തരാധുനിക കവിതകളിൽ പാരിസ്ഥിതിക ദർശനത്തിന്റെ സ്വാധീനമെന്ത് ? കളകൾ, പറക്കം, കണ്ണ് എന്നീ കവിതകളുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യുക.

34. കാല്പനികതയുടേയും ആധുനികതയുടേയും, സംക്രമണമാണ് വൈലോപ്പിള്ളിക്കവിത. 'യുഗപരിവർത്തന'ത്തിന്റെ പശ്ചാത്തലത്തിൽ വിശദീകരിക്കുക.

**അല്ലെങ്കിൽ**

35. 'കുറത്തി' എന്ന കവിതയിൽ ആവിഷ്കരിക്കപ്പെടുന്ന സാമൂഹിക ദർശനമെന്ത് ? വിശകലനം ചെയ്യുക.

(2 × 15 = 30)